## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3700** **21.06.2018 ൽ മറുപടിക്ക്.**

## സംസ്ഥാന ജി.എസ്.ടി.വകുപ്പ് ജീവനക്കാർ

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ജി.എസ്.ടി.വകുപ്പിൽ എത്ര ജീവനക്കാർ ഉണ്ട്; ഗസറ്റഡ് ജീവനക്കാർ എത്ര, നോൺ ഗസറ്റഡ് ജീവനക്കാർ എത്ര, ജില്ല തിരിച്ചുളള കണക്കുകൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിൽ ആകെ 4664 ജീവനക്കാരുണ്ട്. 757 ഗസറ്റഡ് ഉദ്യോഗസ്ഥരും 3907 നോൺ ഗസറ്റഡ് ജീവനക്കാരും ഉണ്ട്.<br>വകുപ്പ്, ജി.എസ്.ടി നികുതി സമ്പ്രദായത്തിലേയ്ക്ക് മാറുകയും പ്രസ്തുത നികുതി സമ്പ്രദായത്തിൽ ചെക്ക് പോസ്റ്റുകൾക്ക് നിയമപരമായ സാധുതയില്ലാത്തതിനാൽ അവ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ചെക്ക് പോസ്റ്റിൽ ജോലി നോക്കിയിരുന്നവരെ വിവിധ ജില്ലകളിലേയ്ക്ക് വകുപ്പുതല പുനർവിന്യാസം നടത്തിയിട്ടുളളതിനാൽ ജില്ല തിരിച്ചുളള കണക്ക് ശേഖരിച്ചു വരികയാണ്. |
| (ബി) | ജി.എസ്.ടി.നടപ്പിലാക്കിയ ശേഷം സംസ്ഥാനത്ത് നിലവിൽ ഇപ്പോൾ എത്ര ചെക്ക് പോസ്റ്റുകൾ ഉണ്ട്; അവ ഏതൊക്കെ എന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ചരക്ക് സേവന നികുതി വകുപ്പിനു കീഴിൽ ചെക്ക് പോസ്റ്റുകൾ നിലവിലില്ല. |
| (സി) | ജി.എസ്.ടി.വകുപ്പിൽ നിലവിൽ ജീവനക്കാർ അധികം ഉണ്ടോ; എങ്കിൽ അവരെ പുനർവിന്യസിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി നിലവിൽവന്നതോടു കൂടി വകുപ്പിനു കീഴിൽ ചെക്ക് പോസ്റ്റുകൾക്ക് നിയമപരമായ സാധുതയില്ലാതാവുകയും, അവ നിർത്തലാക്കുകയും ചെയ്ത സാഹചര്യത്തിൽ ചെക്ക് പോസ്റ്റുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ വകുപ്പിനു കീഴിൽ വിവിധ ജില്ലകളിലുളള ഓഫീസുകളിലേയ്ക്ക് താത്ക്കാലികമായി പുനർവിന്യസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ